**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2439** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ കേന്ദ്ര വിഹിതവും മാനദണ്ഡങ്ങളും</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
| --- | --- |
| ശ്രീ. എ. പി. അനിൽ കുമാർ | ശ്രീ. വി. ഡി. സതീശൻ |
| ശ്രീ. എ. പി. അനിൽ കുമാർ | (മുഖ്യമന്ത്രി) |

**(എ)** കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും ദേശീയ പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം അനുവദിച്ച എന്തെല്ലാം ആനുകൂല്യങ്ങളാണ് സംസ്ഥാനത്തെ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുള്ള ജീവനക്കാർക്ക് അനുവദിച്ചിട്ടില്ലാത്തതെന്നും ആയതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** PFRDA Act പ്രകാരം കേന്ദ്രസർക്കാരും മറ്റ് സംസ്ഥാന സർക്കാരും NPS -ൽ ഉൾപ്പെട്ട ജീവനക്കാർക്ക് അനുവദിച്ചതും എന്നാൽ സംസ്ഥാന NPS -ൽ ഉൾപ്പെട്ട ജീവനക്കാർക്ക് അനുഭവവേദ്യമാക്കാത്തതും ആയ ആനുകൂല്യങ്ങൾ അനുവദിക്കുന്ന വിഷയം കൂടി പരിശോധിക്കുവാൻ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ശ്രീ. സതീഷ് ചന്ദ്രബാബു അധ്യക്ഷനായി 07.11.2018 സ.ഉ(പി)നം. 172/2018/ധന. ഉത്തരവ് പ്രകാരം സർക്കാർ കമ്മിറ്റി രൂപീകരിച്ചു. 02.11.2023 -ലെ സ.ഉ(അ)നം. 110/2023/ധന പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുന്നതിനായി ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു. നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സമിതി രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത സമിതി പുനഃപരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരികയാണ്.

**(ബി)** 2021 മുതൽ കേന്ദ്ര സർക്കാർ ദേശീയ പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഗവൺമെന്റ് വിഹിതം 14 ശതമാനമായി ഉയർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാന സർക്കാർ ഗവൺമെന്റ് വിഹിതം നാളിതുവരെ 14 ശതമാനമായി ഉയർത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു**

**(സി)** ദേശീയ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ഡി.സി.ആർ.ജി.,/കുടുംബ പെൻഷൻ അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട സംസ്ഥാന സർക്കാർ ജീവനക്കാർക്കും ഡി.സി.ആർ.ജി./കുടുംബ പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

നിലവിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നവർക്ക് ഗ്രാറ്റുവിറ്റി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയുടെ റിപ്പോർട്ടിന്മേൽ സർക്കാർ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**(ഡി)** ദേശീയ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് പുറപ്പെടുവിച്ച വിജ്ഞാപനങ്ങളിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് ഓൾഡ് പെൻഷൻ സ്കീമിലേക്ക് മാറുവാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതു പ്രകാരം കേരള കേഡറിലുള്ള ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് ഓൾഡ് പെൻഷൻ സ്കീം തെരഞ്ഞെടുക്കുന്നതിനുള്ള ഓപ്ഷൻ സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ടോ; ദേശീയ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് (2013 ഏപ്രിൽ 1) പുറപ്പെടുവിച്ച വിജ്ഞാപനങ്ങളിൽ നിന്നും നിയമനം ലഭിച്ച സംസ്ഥാന സർക്കാർ ജീവനക്കാർക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേരള കേഡറിലുള്ള ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് ഓൾഡ് പെൻഷൻ സ്കീം തെരഞ്ഞെടുക്കുന്നതിനുള്ള ഓപ്ഷൻ അനുവദിച്ചിട്ടുണ്ട്.

**പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു**

**(ഇ)** സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിഹിതമില്ലാതെയാണോ അഷ്വർഡ് പെൻഷൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; അഷ്വർഡ് പെൻഷൻ പദ്ധതിയിലേക്ക് മാറാതെ ദേശീയ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ തുടരാൻ ഉദ്ദേശിക്കുന്ന ജീവനക്കാർക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും (സർക്കാർ വിഹിതം ഉയർത്തൽ, ഡി.സി.ആർ.ജി., കുടുംബ പെൻഷൻ മുതലായവ) നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** 2026-27 ബഡ്ജറ്റ് പ്രസംഗത്തിൽ അഷ്വേർഡ് പെൻഷൻ പദ്ധതി നടപ്പിലാക്കുമെന്നും ജീവനക്കാരുടെയും സർക്കാരിന്റെയും വിഹിതം പ്രത്യേകം ഫണ്ടായി മാനേജ് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകും എന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

അഷ്വേർഡ് പെൻഷൻ പദ്ധതിയിലേക്ക് മാറാതെ ദേശീയ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ തുടരാൻ ഉദ്ദേശിക്കുന്ന ജീവനക്കാർക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് വിശദമായി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

**സെക്ഷൻ ഓഫീസർ**